# കുഞ്ഞാവ

## ഇന്നലത്തെ കഥ

■ കെ.ടി. ബാബുരാജ്



കുട്ടികളെല്ലാം ഓടിച്ചെന്ന് ആയമ്മയെ ചുറ്റിപ്പിടിച്ചു.

ഞാൻ ചിഞ്ചൂന് കൊടുക്കാൻ ബിസ്ക്കറ്റ് കൊണ്ടുവന്നിട്ടുണ്ട്. കുഞ്ഞാവ പറഞ്ഞു.

ഞാൻ ആപ്പിൾ!

ഞാൻ പൂവമ്പഴം!

ഓരോരുത്തരും അവർ കൊണ്ടുവന്നത് വിളിച്ചുപറയാൻ തുടങ്ങി.

ഞാൻ കൊണ്ടുവന്ന കടല വാലാട്ടിപ്പക്ഷിക്ക് കൊടുക്കാൻ ചിഞ്ചുവിനോട് പറയണേ ആയമ്മേ... സുകന്യ.

ആയമ്മ എന്തു പറയണമെന്നറിയാതെ കുട്ടികളെ നോക്കി. പിന്നെ അവരുടെ

സീഡികൾ നിർമിക്കാനുപയോഗിക്കുന്ന ലോഹം– അലൂമിനിയം

അമ്മമാരെ നോക്കി.

എന്താണ് ഇവരൊക്കെ പറയുന്നത്? ആയമ്മ അമ്മമാരോട് ചോദിച്ചു.

ഇവര് ചിഞ്ചുവിന് കൊടുക്കാൻ എന്തൊക്കെയോ കൊണ്ടുവന്നിട്ടുണ്ട്.

പക്ഷേ ആരാണ് ചിഞ്ചു? ആരാണ് ആയമ്മേ ഈ ചിഞ്ചു?

ആയമ്മ അംഗൻവാടിയിലെ ബെഞ്ചിന്റെ ഒരു മൂലയിലിരുന്നു.

ഉടുമുണ്ടുകൊണ്ട് തന്റെ നെറ്റിയിലെ വിയർപ്പൊപ്പി. എന്നിട്ട് എല്ലാവരെയും നോക്കി.

എന്റെ മകളുടെ കൊച്ചാ. നാലുവയസ്സേ ഉള്ളൂ. നടക്കാൻ ബുദ്ധിമുട്ടാ.

അയ്യോ അതെന്തു പറ്റി... കുഞ്ഞാവയുടെ അമ്മ ചോദിച്ചു.

അതു പിന്നെ...

ഇന്നലെ കുട്ടികളോട് പറഞ്ഞ കഥ ആയമ്മ അവരുടെ അമ്മമാരോട് വീണ്ടും പറഞ്ഞു.

അമ്മമാരോടൊപ്പം കുട്ടികളെല്ലാം ഒരു വട്ടംകൂടി ആ കഥ കേട്ടു. അമ്മമാരുടെ കണ്ണുകൾ നിറഞ്ഞു. ജാലകത്തിന്റെ അഴിയും പിടിച്ച് പുറത്തേക്ക് നോക്കി നിൽക്കുന്ന ചിഞ്ചുവും അവളോട് കൂട്ടുകൂടിയിരിക്കുന്ന വാലാട്ടിപ്പക്ഷിയും അവരുടെ കണ്ണിൽ നിറഞ്ഞു.

എനിക്ക് ചിഞ്ചൂനെ കാണണം. കുഞ്ഞാവ പറഞ്ഞു.

എനിക്കും ചിഞ്ചൂനെ കാണണം. ആതിര പറഞ്ഞു.

ആയിഷാബിയും സുകന്യയും ജുഗുനുവുമെല്ലാം വിളിച്ചുപറഞ്ഞു... ചിഞ്ചൂനെ കാണണം. വാലാട്ടിപ്പക്ഷിയെയും കാണണം.

ടീച്ചർ ഇടപെട്ടു.

ചിഞ്ചൂനെ കാണാം. നമുക്കെല്ലാവർക്കും വീട്ടിൽ പോയി ചിഞ്ചൂനെ കാണാം. ഇപ്പോൾ എല്ലാവരും അവരവരുടെ സീറ്റിൽ പോയിരിക്കൂ. വേഗം വേഗം.

കുട്ടികളെല്ലാവരും അവരുടെ ഇരിപ്പിടത്തിൽ പോയിരുന്നു.

അമ്മമാർ പുറത്തിറങ്ങി.

കുഞ്ഞാവയുടെ അമ്മയുടെ കണ്ണ് നനഞ്ഞിരുന്നു. അവർ ജുഗുനുവിന്റെ അമ്മയോട് പറഞ്ഞു... എനിക്കും ചിഞ്ചുമോളെ ഒന്നു കാണണമെന്ന് തോന്നുന്നു.

എനിക്കും തോന്നുന്നുണ്ട്. ജുഗുനുവിന്റെ അമ്മയും പറഞ്ഞു.

നമുക്കെല്ലാവർക്കും കൂടി പോയാലോ..

പോവാം.. നമുക്കെല്ലാവർക്കും കുട്ടികളെയും കൂട്ടി ഒരു ദിവസം പോകാം.

*(തുടരും)*

## തീരമില്ലാത്ത കടൽ



ലോകത്തിലെ തീരപ്രദേശമില്ലാത്ത ഏക കടലാണ് അറ്റ്ലാന്റിക് സമുദ്രത്തിന് നടുവിൽ സ്ഥിതിചെയ്യുന്ന സർഗാസോ കടൽ. ഇതിന്റെ അതിരുകളെല്ലാം സമുദ്രമായതിനാലാണ് ഇത് തീരമില്ലാത്ത കടലായത്.



പ്രകൃതിയിൽ സ്വതന്ത്രാവസ്ഥയിൽ കാണപ്പെടുന്ന ലോഹങ്ങൾ– സ്വർണം, വെള്ളി, പ്ലാറ്റിനം